# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3576 — 17.12.2015 ലെ മറുപടിയ്ക്ക്

## സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള പെൻഷൻ കുടിശ്ശിക

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.ശിവൻകുട്ടി | | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഇൻഡ്യൻ നാഷണൽ ആർമി (INA) ഭടനും സ്വാതന്ത്ര്യ സമര സേനാനിയുമായിരുന്ന അന്തരിച്ച ശ്രീ വി ഗോപാലനു ലഭിക്കേണ്ട സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള പെൻഷൻ കുടിശ്ശിക അദ്ദേഹത്തിന്റെ അനന്തരാവകാശികൾക്ക് അനുവദിക്കുന്നതു സംബന്ധിച്ച WP(C) 17369/2012- എന്ന കേസിലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവിൻമേൽ പ്രസ്തുത പെൻഷൻ കുടിശ്ശിക ലഭ്യമാക്കുന്നത് സംബന്ധിച്ചുള്ള ഫയൽ (നമ്പർ-71749/ FFPB1/2014/GAD) നടപടിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; | (എ) യും (ബി) യും | പരേതനായ വി ഗോപാലന് ലഭിക്കേണ്ടിയിരുന്ന കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ കുടിശ്ശിക ടിയാന്റെ മകൾക്ക് അനുവദിക്കണം എന്ന ബഹു. ഹൈക്കോടതിയുടെ 13.07.2015 ലെ WP(C) No 17369/12 നമ്പർ വിധിയ്ക്കെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 10.09.2015 ലെ WA No 1982/2015 നമ്പർ ഇടക്കാല ഉത്തരവ് പ്രകാരം കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ കുടിശ്ശിക അനുവദിക്കണം എന്നുള്ള 13.07.2015 ലെ ഉത്തരവ് സ്റ്റേ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത കേസിൽ അപ്പീൽ പോകാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ